ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES

ONE WORLD ONE HUMANITY




# മാസ്റ്ററെക്കുറിച്ചുള്ള റിപ്പോർട്ടുകൾ

## മാസ്റ്റർ ചെന്നൈയിൽ

അഭ്യാസികളുമായുള്ള ഒരു ചർച്ചയിൽ മാസ്റ്റർ പറഞ്ഞു: “ഭയചിന്തകൾ ഒഴിവാക്കി, ലക്ഷ്യത്തിലെത്താനുള്ള തിടുക്കം നമ്മുടെയുള്ളിൽ വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ ജോലി. തിടുക്കത്തിലെന്തെങ്കിലും ചെയ്യേണ്ടിവരുമ്പോളാണ് സാധാരണ, ഭയാശങ്കകൾ ഉടലെടുക്കുന്നത്, എന്നാൽ സഹജമാർഗ്ഗത്തിൽ നാം ചെയ്യേണ്ടത്, തിടുക്കം സൃഷ്ടിക്കുകയും അതേസമയം ഭയത്തെ ഉന്മൂലനം ചെയ്യുകയുമാണ്.

### പുതുവത്സരാഘോഷങ്ങൾ

തമിഴ് പുതുവർഷമായ ഏപ്രിൽ 13-ന് മാസ്റ്റർ സത്സംഗം നടത്തി. എല്ലാവരുടെയും ശ്രദ്ധ അവരുടെ പ്രിയമാസ്റ്ററിലായിരുന്നു. എല്ലാവർക്കും മാസ്റ്ററുമായ് വ്യക്തിപരമായ ഒരു ആന്തരികബന്ധം സ്ഥാപിക്കപ്പെട്ടതായി അനുഭവപ്പെട്ടു. ക്ഷീണിതനായിരുന്നിട്ടുകൂടി മാസ്റ്റർ, കോട്ടേജിൽ അശംസകൾ അർപ്പിക്കാൻ എത്തിയ എല്ലാ അഭ്യാസികളെയും കണ്ടു.

ഏപ്രിൽ 14 ശനിയാഴ്ചയായിരുന്നു മലയാളികളുടെ പുതുവർഷദിനമായ വിഷു. ഏകദേശം 150 അഭ്യാസികൾ മാസ്റ്ററെ കാണുവാനായി കേരളത്തിൽ നിന്നെത്തിയിരുന്നു. വൈകുന്നേരം കോട്ടേജിനു പുറത്തിരുന്ന മാസ്റ്ററുടെ അടുത്തേയ്ക്ക് 10 പേരടങ്ങുന്ന സംഘങ്ങളായി അവർ വന്നു. എല്ലാവരിലും മാസ്റ്റർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിച്ചിരുന്നു. അതിനുശേഷം അദ്ദേഹം ജോലിചെയ്യാനായി അകത്തേക്കുപോയി. മാസ്റ്ററുമൊത്തുള്ള ഈ കൂടിക്കാഴ്ച മിക്കവർക്കും ഹൃദയസ്പർശിയായ അനുഭവമായിരുന്നു.

### അദ്ദേഹത്തിനുള്ള ഇടം കൊടുക്കൽ

ഏപ്രിൽ 16 തിങ്കളാഴ്ച മൊറോക്കോയിൽ നിന്നുള്ള അഞ്ച് അഭ്യാസികൾക്ക് മാസ്റ്റർ സിറ്റിംഗ് നൽകുകയും അതിനുശേഷം അവരോട് സംസാരിക്കുകയും ചെയ്തു. എല്ലാ അഭ്യാസികളുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. പ്രിയപ്പെട്ടയാളുടെ നഷ്ടത്തെക്കുറിച്ച് മാസ്റ്ററോട് സംസാരിച്ച ഒരു അഭ്യാസി സഹോദരിയോട് അദ്ദേഹം പറഞ്ഞു “എല്ലാവരെയും ഉൾക്കൊള്ളുവാനായി ഒരാൾ തന്റെ ഹൃദയം വികസിപ്പിക്കേണ്ടിയിരിക്കുന്നു. നിങ്ങൾക്ക് കാണാൻ സാധിക്കുന്നതുപോലെ എത്രയെത്ര അഭ്യാസികളാണ് വന്നും പോയുമിരിക്കുന്നത്. അവർക്കെല്ലാം മാസ്റ്ററുടെ ഹൃദയത്തിൽ സ്ഥാനമുണ്ട്. നാം കുറച്ചുപേരെ മാത്രമാണ് ഇഷ്ടപ്പെടുന്നതെങ്കിൽ അവർ നഷ്ടമാവുമ്പോൾ (അങ്ങനെ സംഭവിക്കുകയാണെങ്കിൽ) നാം വേദനിക്കും. എന്നാൽ ഹൃദയം തുറന്നിരിക്കുകയും എല്ലാവരെയും സ്നേഹിക്കുകയും ചെയ്യുകയാണെങ്കിൽ നഷ്ടബോധമുണ്ടാവില്ല”.

വളരെയധികം ആളുകൾ കോട്ടേജിനകത്ത് തങ്ങുകയും അദ്ദേഹത്തിന്റെ ശ്രദ്ധ ആവശ്യപ്പെടുകയും ചെയ്യുന്നതിൽ മാസ്റ്റർ അനിഷ്ടം പ്രകടിപ്പിച്ചു. ഓരോരുത്തരെയും നേരിൽക്കാണുവാൻ തന്നെക്കൊണ്ടാവുന്നവിധം മാസ്റ്റർ പരിശ്രമിച്ചു കൊണ്ടിരുന്നിട്ടു കൂടിയായിരുന്നു ആളുകളുടെ ഈ ആവശ്യം. ഇതിനുശേഷം വിശ്രമമെടുക്കുവാൻ മാസ്റ്റർ തീരുമാനിച്ചു അതിനായ് ഒരു സ്ഥലം തിരഞ്ഞെടുത്തു. ആ സ്ഥലം രഹസ്യമാക്കി വെക്കുകയും അത് മാസ്റ്റർക്ക് ആവശ്യമായ വിശ്രമവും സ്വകാര്യതയും പ്രദാനം ചെയ്യുകയും ചെയ്തു. ഏപ്രിൽ 27-ന് മാസ്റ്റർ കോട്ടേജിലേക്ക് തിരിച്ചുവന്നു.


### ബാബുജിയുടെ ജന്മദിനാഘോഷങ്ങൾ

ഞായറാഴ്ച ഏപ്രിൽ 29-ന് മാസ്റ്റർ പ്രഭാത സത്സംഗം നടത്തുകയും എട്ട് വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു. പിന്നീട് നിർവ്വാഹകസമിതിയുടെ ഒരു മീറ്റിംഗ് കോട്ടേജിൽ നടന്നു. വൈകുന്നേരം, ഡെന്മാർക്കിലെ റാഡ്സ് സാന്റെ ആശ്രമത്തിലുള്ള സഹോദരന്മാരായ ഭാർഗ്ഗവും കമലേഷുമായി ഒരു വീഡിയോ കോൺഫറൻസിനുള്ള സൗകര്യമൊരുക്കിയിരുന്നു. അടുത്ത ദിവസം അവിടെയുള്ള അഭ്യാസികളെ മാസ്റ്റർക്ക് അഭിസംബോധന ചെയ്യാനുദ്ദേശിച്ചുള്ള ഈ സജ്ജീകരണം പരീക്ഷിക്കുവാൻ മാസ്റ്റർ എത്തിയിരുന്നു.

30-ാം തീയതി മാസ്റ്റർ നേരത്തെ ഉണർന്നു. അദ്ദേഹം നടത്തിയ പ്രഭാത സത്സംഗം ഒരു മണിക്കൂർ 10 മിനിട്ട് നീണ്ടതായിരുന്നു. തുടർന്ന് അദ്ദേഹം സംസാരിക്കുകയും ‘വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡി’ന്റെ നാലാം വാല്യം പ്രകാശിപ്പിക്കുകയും ചെയ്തു. ‘വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്’ എന്ന പുസ്തകത്തിലെ ഏതാനും സന്ദേശങ്ങൾ ചിലർ അവരുടെ ശബ്ദത്തിൽ റെക്കോഡ് ചെയ്ത ഒരു ഓഡിയോ സിഡിയുടെ പ്രകാശനവും നടന്നു. പിന്നീട്, ഈ സീഡിയിലെ ചില സന്ദേശങ്ങൾ അഭ്യാസികളെ കേൾപ്പിച്ചു. മാസ്റ്റർ വീണ്ടും ഒരു ലഘുപ്രഭാഷണം നടത്തുകയും വിസ്പേർസ് വായിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറയുകയും ചെയ്തു.

11 മണിക്ക് സഹോ.ബാലസുബ്രമണ്യൻ സംസാരിച്ചത് മാസ്റ്റർ തന്റെ ഓഫീസിലിരുന്ന് ശ്രദ്ധാപൂർവ്വം ശ്രവിച്ചു. മാസ്റ്ററെയും അഭ്യാസികളെയും ഒരുപോലെ ആകർഷിച്ച ഒന്നാംതരം പ്രഭാഷണമായിരുന്നു അത്. മാസ്റ്റർമാരുടെ ജീവിതത്തിൽ നിന്നുള്ള ധാരാളം സംഭവങ്ങളെക്കുറിച്ച് അദ്ദേഹം വിവരിച്ചു. ഈ മഹാനുഭാവന്മാരെപ്പറ്റി വെറുതെ പുകഴ്ത്തുകയും സ്തുതിപാടുകയും ചെയ്യാതെ അവരുടെ ജീവിതത്തിൽ നിന്ന് പാഠങ്ങൾ പഠിക്കുവാനും അവരുടെ ജീവിതം സ്വന്തം ജീവിതത്തിൽ പകർത്തുവാനും അദ്ദേഹം

# എക്കോസ് ഇന്ത്യ വാർത്താപത്രിക



എല്ലാവരെയും ഉദ്ബോധിപ്പിച്ചു.

ക്ഷീണിതനായതിനാൽ മാസ്റ്റർക്ക് യൂറോപ്പ്യൻ സെമിനാറിനായി നിശ്ചയിച്ചിരുന്ന വീഡിയോ ഫോൺ പരിപാടി റദ്ദാക്കേണ്ടി വന്നു. ഉച്ചക്ക് റുമേനിയയിൽ നിന്നുള്ള 5 അഭ്യാസികളെ അദ്ദേഹം കണ്ടു. റുമേനിയയിലും റഷ്യയിലും ഒരു പാശ്ചാത്യ സംസ്കൃതിയുടെ സ്വാധീനം തദ്ദേശ സംസ്കാരത്തിന്റെ നാശത്തിന് കാരണമാകുന്നതിൽ മാസ്റ്റർ ആശങ്ക പ്രകടിപ്പിച്ചു.

വൈകുന്നേരത്തെ സത്സംഗം നടക്കുന്നതിനിടെ മാസ്റ്റർ ആശ്രമത്തിൽ തന്റെ ഗോൾഫ് കാറിൽ ചുറ്റിനടന്നു. പലയിടത്തും കാർ നിർത്തി അദ്ദേഹം കുട്ടികളുമായി സംസാരിച്ചു. സഹോ.സൗമ്യയും സംഘവും അവതരിപ്പിച്ച വളരെ രസമേറിയ നൃത്തപരിപാടി വൈകുന്നേരത്തെ പരിപാടികൾക്ക് നല്ല ഒരു പര്യവസാനമായി.

## ആഘോഷങ്ങൾക്ക് ശേഷം

മെയ് 4ന വൈകുന്നേരം മാസ്റ്റർ ഉദ്യാനത്തിൽ ഒരു വലിയ വൃക്ഷം മാറ്റിനടുന്നത് പരിശോധിക്കുവാൻ പോയി. ഇതിനായി വളരെയധികം തയ്യാറെടുപ്പുകൾ നേരത്തെ നടത്തിയിരുന്നു. ധാരാളം വളൻറിയർമാർ ഒത്തുചേർന്ന് അതിനെ പുതിയ സ്ഥലത്തേക്ക് മാറ്റി. ഇതെല്ലാം നിരീക്ഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയ മാസ്റ്റർ അതിനെ നനക്കുകയും ചെയ്തു.

ടെഡ് (TED) എന്ന ഇൻറർനെറ്റ് വെബ്സൈറ്റിൽ അമേരിക്കയിൽനിന്നുമുള്ള അഭ്യാസിയായ സഹോ.ട്രെവർ വെൽറ്റ്മാന്റെ 'ഏകാന്തതയുടെ പരിവർത്തനം' എന്ന അവതരണം മാസ്റ്റർ കണ്ടു. നമ്മുടെയെല്ലാം ജീവിതങ്ങൾ എത്രത്തോളം ശബ്ദമുഖരിതമാണെന്നും, എങ്ങിനെ ജീവനുമായുള്ള ആന്തരികബന്ധം ധ്യാന പരിശീലനത്തിലൂടെ സാധ്യമാകുമെന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

ഒരു വൈകുന്നേരം തന്റെ കിടപ്പുമുറിയിൽ നിന്നും വരാന്തയിലൂടെ തന്റെ ഓഫീസിലേക്ക് നടക്കവെ മാസ്റ്റർ ഒരു സഹോദരിയെ കണ്ടമാത്രയിൽ തന്നെ വളരെ സ്വാഭാവികതയോടെ ഒരു സഞ്ചിയിലേക്ക് കൈകടത്തി അതിൽനിന്നുമൊരു പഴമെടുത്ത് അവർക്ക് നൽകി. അത് സ്വീകരിച്ച ശേഷം അവർ താൻ ഗർഭിണിയാണെന്ന വിവരം അറിയിച്ചപ്പോൾ അദ്ദേഹം "അനുഗ്രഹങ്ങൾ" എന്ന് മാത്രം പറഞ്ഞു.

മറ്റൊരു ദിവസം രാത്രി അത്താഴത്തിനു മുൻപ് മാസ്റ്റർ ഒരു അഭ്യാസിയോട് സംസാരിക്കുകയായിരുന്നു. അദ്ദേഹം 'കടുവ അതിന് എത്രതന്നെ വിശന്നാലും പുല്ല് ഭക്ഷിക്കുകയില്ല' എന്നർത്ഥം വരുന്ന തമിഴിലെ ഒരു പഴമൊഴിയെക്കുറിച്ച് പറഞ്ഞു. കൂടുതലായി വിശദീകരിച്ച മാസ്റ്റർ അത് കടുവയുടെ അഹങ്കാരമോ ധാർഷ്ട്യമോ അല്ലെന്നും മറിച്ച് അത് അതിന്റെ പ്രകൃതമാണെന്നും അത് പ്രകൃതിയുടെ നിയമങ്ങളെ അനുസരിക്കുക മാത്രമാണെന്നും പറഞ്ഞു. ഇത്പോലെ തന്നെയാണ് സർവ്വ പക്ഷിമൃഗാദികളും; അവ തങ്ങളുടെ സ്വത്വത്തിലുറച്ച് നിൽക്കുന്നു. അതിൽനിന്നും വിട്ടുവീഴ്ചയോ വ്യതിചലനമോ ഇല്ല. മനുഷ്യനും അങ്ങിനെ ആവേണ്ടതാണ്, മൃഗീയവാസനകളെ പ്രകടിപ്പിക്കാതെ തന്റെ പ്രകൃതമായ മാനുഷിക ഗുണങ്ങളെ ജീവിച്ചു കാണിക്കേണ്ടതാണ്.



## ബീദറിൽ നിന്നുമുള്ള അഭ്യാസികൾക്കായുള്ള സെമിനാർ

മെയ് 11-ന് മാസ്റ്റർ അലഹാബാദ് ബാങ്കിൽ പോയതിനുശേഷം ബീദറിൽ നിന്നും വന്ന അഭ്യാസികളെ കാണുവാനായി ഡോർമിറ്ററി 'എ'-യിലേക്ക് പോയി. ഹിന്ദിയിലുള്ള പ്രഭാഷണത്തിനുശേഷം അവിടെ സന്നിഹിതരായിരുന്ന എല്ലാവർക്കുമായി സത്സംഗം നടത്തി. വൈകുന്നേരം നല്ല സുഖമില്ലാതിരുന്ന അദ്ദേഹത്തിന് ശ്വാസതടസ്സവുമുണ്ടായി. ഇതിന് കാരണമായത് അന്ന് കാലത്ത് അദ്ദേഹം പോയ ബാങ്കിലെ പൊടിപിടിച്ച അന്തരീക്ഷമായിരുന്നു.

മെയ് 13 ഞായറാഴ്ച മാസ്റ്റർ നടത്തിയ സത്സംഗത്തിന് ശേഷം സഹോ.ചക്രപാണി തമിഴിൽ ഒരു ലഘു പ്രഭാഷണം നടത്തി. മറ്റുള്ളവരെ സഹായിക്കുവാനുള്ള മനുഷ്യന്റെ കഴിവ്, പ്രത്യേകിച്ച് അവശ്യ വേളകളിലും ആപത്ഘട്ടങ്ങളിലും, വളരെ വലുതാണ്, യന്ത്രങ്ങളുടെ ശക്തിയേയും കഴിവിനേക്കാളുമൊക്കെ വളരെ വലുതാണെന്ന് അദ്ദേഹം പരാമർശിച്ചു. മാസ്റ്റർ നമ്മുടെ മാർഗ്ഗദർശിയായിരിക്കെ, എല്ലാ വൈതരണികളേയും താണ്ടി നമ്മുടെ ആത്മീയ ലക്ഷ്യത്തിലേക്ക് ഏറ്റവും ചുരുങ്ങിയ സമയത്തിൽ എത്തിച്ചേരുന്നതിനായി നാം നമ്മിലെ ഇത്തരം മറഞ്ഞിരിക്കുന്ന കഴിവുകളെ ഉപയോഗിക്കണം.

മാസ്റ്റർ റഷ്യൻ ഭാഷയെക്കുറിച്ചും ഭാഷകൾ പഠിക്കുന്നതിനെക്കുറിച്ചും സംസാരിക്കുകയായിരുന്നു. "മാസ്റ്റർ, ഒരു പുതിയ ഭാഷ പഠിക്കുന്നതിനായി എനിക്ക് സ്വയമർപ്പിക്കുവാൻ പറ്റുന്നില്ല, കാരണം ഞാനതിൽ യാതൊരു ഉദ്ദേശവും കാണുന്നില്ല" എന്നൊരു അഭ്യാസി പറഞ്ഞപ്പോൾ മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "നിങ്ങൾക്ക് ആ ഭാഷയിൽ പ്രാവീണ്യം ലഭിക്കും, എന്നതിലപ്പുറം വേറെ എന്തുദ്ദേശമാണ് നിങ്ങളാഗ്രഹിക്കുന്നത്? പാശ്ചാത്യ സംസ്കാരം നമ്മെയെല്ലാം വളരെ മോശമായ രീതിയിൽ ബാധിച്ചിരിക്കുന്നു. നാമെന്ത് ചെയ്താലും അതിൽ നിന്നുമെന്ത് ലഭിക്കുമെന്ന് നമുക്കറിയണം. ആരോടെങ്കിലും ധ്യാനം ആരംഭിക്കാൻ ഞാൻ പറഞ്ഞാൽ പോലും അവരെന്നോട് ചോദിക്കും അവർക്കെന്ത് ലഭിക്കുമെന്ന്. നിങ്ങൾക്കൊന്നും ലഭിക്കുകയില്ല, മറിച്ച് നിങ്ങൾ എന്തെങ്കിലുമായിത്തീരുന്നു. അത് തന്നെ ഈ കാര്യത്തിലും ബാധകമാണ്".

## ആന്തമാൻ നിക്കോബാർ ദ്വീപുകളിലെയും ഹുബ്ലിയിലെയും (വടക്കൻ കർണ്ണാടകം) അഭ്യാസികൾക്കായുള്ള സെമിനാർ

ആന്തമാൻ നിക്കോബാർ ദ്വീപുകളിൽ നിന്നും ഹുബ്ലിയിൽ നിന്നും മേയ് 15നു ആശ്രമത്തിലെത്തിയ അഭ്യാസികൾ ഒരാഴ്ച്ചയോളം അവിടെ താമസിച്ചു. യാത്രാ ചെലവുകളും മറ്റു ബുദ്ധിമുട്ടുകളും പ്രശ്നമാക്കാതെ നൂറോളം അഭ്യാസികൾ ഈ സെമിനാറിനായി ആന്തമാൻ നിക്കോബാർ ദ്വീപുകളിൽ നിന്നുമെത്തിയെന്നറിഞ്ഞതിൽ മാസ്റ്റർ സന്തുഷ്ടനായിരുന്നു.

പതിനെട്ടാം തിയ്യതി മാസ്റ്റർ ഇവരെ കണ്ടു. സഹോ: സോമകുമാർ നടത്തിയ പ്രഭാഷണത്തിനു ശേഷം മാസ്റ്റർ

> "...അതുകൊണ്ട് സ്ഥലകാലങ്ങൾക്ക് പ്രാധാന്യമില്ലാതാക്കുന്നത് സ്നേഹമാണ്. നിങ്ങളൊരാളെ സ്നേഹിക്കുമ്പോൾ അവൻ/അവൾ എവിടെയാണെന്ന് നിങ്ങൾ ശ്രദ്ധിക്കാറില്ല. പകരം അയാൾ എപ്പോഴും എന്റെ മനസിലുണ്ടെന്ന് നിങ്ങൾ പറയും. മനസിലൊന്നും ഇല്ല എങ്കിൽ – നമ്മൾ പറയുന്ന പോലെ ഹൃദയത്തിൽ ഒന്നുമില്ല എങ്കിൽ – നമ്മൾ സമയത്തിന്റെയും സ്ഥലത്തിന്റേയും ആവശ്യങ്ങൾക്കും പരിമിതികൾക്കും ഉള്ളിലായിരിക്കും. അതുകൊണ്ട് അഭ്യാസിയോ ഋഷിയോ ആയിക്കൊള്ളട്ടെ, സ്നേഹമില്ലാത്തിടത്തു അകൽച്ചയുണ്ടാകും."
>
> മെയ് 18, ചെന്നൈ.





സംസാരിക്കുകയും സിറ്റിംഗ് നൽകുകയും ചെയ്തു. "സ്നേഹമുള്ളിടത്ത് സ്ഥലകാലങ്ങൾ മൂലമുണ്ടാകുന്ന അകലങ്ങൾ അപ്രസക്തമാവുന്നു" എന്ന് അദ്ദേഹം സൂചിപ്പിച്ചു. ഒരു വശത്തേയ്ക്ക് ചെരിഞ്ഞ് കിടന്നുറങ്ങിയിരുന്നതിനാൽ പുറം വേദനയോടെയാണ് മെയ് 19നു രാവിലെ മാസ്റ്റർ എഴുന്നേറ്റത്. വേദന മാറാൻ ചികിത്സ നടത്തേണ്ടിവന്നു. പുസ്തകശാലയിൽ തയ്യാറാക്കിയ പുതിയ ഫോട്ടോഗാലറിയിലേയ്ക്ക് വൈകീട്ട് പോവാൻ മാസ്റ്റർ തയ്യാറെടുത്തു. അവിടെ പോയ ശേഷം അദ്ദേഹം അക്കൗണ്ട് വിഭാഗത്തിലെ തന്റെ മുറിയിൽ പോയി അൽപനേരം ചിലവഴിച്ച ശേഷമാണ് കോട്ടേജിലേയ്ക്ക് പോയത്.

മാസ്റ്ററെ കാണണമെന്ന ഉദ്ദേശത്തോടെ 10 വയസ് പ്രായം വരുന്ന ഒരു ആൺകുട്ടി മാസ്റ്റർക്കൊരു കത്ത് കൊടുത്തയച്ചു. ഒടുവിൽ അവനു മാസ്റ്ററെ കാണാൻ അവസരം ലഭിച്ചപ്പോൾ അത് നന്നായി വിനിയോഗിക്കുകയും ചെയ്തു. തന്റെ പ്രശ്നം മാസ്റ്ററോട് പറഞ്ഞപ്പോൾ അദ്ദേഹം അതിനു പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. മാസ്റ്റർ ഈ കുട്ടിയുടെ ആശങ്കകൾ ദുരീകരിക്കുന്ന കാഴ്ച്ച കൗതുകകരമായിരുന്നു.

## ആശ്രമത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ധ്യാനമന്ദിരത്തിന്റെ ടെറസിലെ ഓടുകൾ എടുത്തുമാറ്റി മഴവെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ പുതിയ കോൺക്രീറ്റ് പാളിയുണ്ടാക്കിയിട്ടുണ്ട്. വാരാന്ത്യത്തിൽ പല കേന്ദ്രങ്ങളിൽ നിന്നും എത്തിയ സന്നദ്ധ സേവകർ ഈ പ്രവർത്തനത്തിൽ പങ്കാളികളായി. നിത്യേനയുള്ള സത്സംഗങ്ങൾ ലൈബ്രറി കെട്ടിടത്തിന്റെ താഴേയ്ക്കും ഞായറാഴ്ച്ചകളിലെ സത്സംഗം ധ്യാനമന്ദിരത്തിലുമായാണ് ഈയവസരത്തിൽ നടത്തിയിരുന്നത്. മേയ് 20നു മാസ്റ്റർ ഒരു മണിക്കൂർ നീണ്ട സത്സംഗം നടത്തി. അന്നുച്ചയ്ക്ക് ശേഷം ലണ്ടൻ ആശ്രമത്തിന്റെ ഉത്ഘാടനം നിശ്ചയിച്ചിരുന്നതിനാൽ ലണ്ടനിലെ അഭ്യാസികളുമായി അദ്ദേഹം വീഡിയൊ കോൾ മുഖേന സംവദിച്ചു. അൽപ്പനേരം മാത്രമായിരുന്നു എങ്കിലും മാസ്റ്ററെ കണ്ടതിൽ ലണ്ടനിലെ അഭ്യാസികൾ സന്തോഷ പുളകിതരാവുന്നതു കാണാമായിരുന്നു.

ആന്തമാൻ നിക്കോബാർ ദ്വീപുകളിൽ നിന്നും വന്ന അഭ്യാസികളുമൊത്ത് മാസ്റ്റർ വൈകുന്നേരം ഗ്രൂപ്പ് ഫോട്ടൊ എടുത്തു. ഇതിനു ശേഷം മെഡിക്കൽ സെൻററിൽ പോകണമെന്നു മാസ്റ്റർ കരുതിയിരുന്നു എങ്കിലും പെട്ടെന്ന് തീരുമാനം മാറ്റി കോട്ടേജിലേയ്ക്ക് തിരിച്ചുപോയി ഹാളിലിരുന്നു എല്ലാവർക്കും മാസ്റ്റർ സിറ്റിംഗ് നൽകി. എല്ലാ അഭ്യാസികൾക്കും അതൊരു സന്തോഷകരമായ അനുഭവമായി.

മെയ് 21 മുതൽ 26 വരെ മാസ്റ്റർ ഗായത്രിയിൽ ആയിരുന്നു. അഭ്യാസികളാരും തന്നെ അവിടേയ്ക്ക് പോവരുതെന്ന് അറിയിപ്പുണ്ടായിരുന്നു. 26നു ഉച്ചയ്ക്ക് ശേഷം മാസ്റ്റർ തിരിച്ചെത്തി. മുംബൈയിൽ നിന്നും വന്ന അഭ്യാസികളുമായി അവരുടെ ആശ്രമത്തിന്റെ കാര്യം സംസാരിക്കുന്നതിനാൽ അന്നു വൈകീട്ട് മാസ്റ്റർ തിരക്കിലായിരുന്നു.

## കർണ്ണാടകയിലേയും കോയമ്പത്തൂരിലേയും അഭ്യാസികൾക്കായുള്ള സെമിനാർ

കർണ്ണാടകയിലേയും കോയമ്പത്തൂരിലേയും വിവിധ കേന്ദ്രങ്ങളിൽ നിന്നും വന്ന അറുന്നൂറോളം അഭ്യാസികൾക്കായി മാസ്റ്റർ സത്സംഗം നടത്തി. ചെന്നൈയിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നും വന്ന ധാരാളം അഭ്യാസികളും സത്സംഗത്തിൽ സന്നിഹിതരായിരുന്നു. മേഡിറ്റോറിയത്തിലുണ്ടായിരുന്ന അഭ്യാസികളോട് 'സ്നേഹ'ത്തെക്കുറിച്ചാണ് സംസാരിച്ചത്. "എല്ലാവരേയും സ്നേഹിക്കുന്ന അദ്ദേഹത്തെ സ്നേഹിക്കാൻ നമുക്കായില്ലെങ്കിൽ എങ്ങിനെയാണ് അദ്ദേഹം സ്നേഹിക്കുന്ന എല്ലാവരേയും സ്നേഹിക്കാൻ സാധിക്കുക", അദ്ദേഹം ഓർമ്മപ്പെടുത്തി. ഓരോ പോയിൻറുകളും മണ്ഡലങ്ങളും അടിസ്ഥാനപ്പെടുത്തി അഭ്യാസികളുടെ പുരോഗതി നിർണ്ണയിക്കുന്നതിനെക്കുറിച്ച് മാസ്റ്റർ സംസാരിച്ചു. മുകളിലേയ്ക്ക് ചൂണ്ടിക്കൊണ്ട്, "നമ്മൾ അവിടെയില്ലെങ്കിൽ എവിടെയുമില്ല" എന്നു പറഞ്ഞു. പോയിൻറുകളിലും മണ്ഡലങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ആവശ്യമില്ലെന്നും നമ്മുടെ ശ്രദ്ധ മുഴുവനായും അവസാന ലക്ഷ്യത്തിൽ ആയിരിക്കണമെന്നും മറ്റു ലക്ഷ്യങ്ങളിലൊന്നും പെട്ടു പോവരുതെന്നും അദ്ദേഹം സൂചിപ്പിച്ചു.

# എക്കോസ് ഇന്ത്യ വാർത്താപത്രിക






## ഗോവയിൽ നിന്നുള്ള അഭ്യാസികൾ

മേയ് 27 മുതൽ 31 വരെ മാസ്റ്റർ വീണ്ടും ഗായത്രിയിൽ തന്നെയായിരുന്നു. 31–ാം തീയതി ഗോവയിൽ നിന്നുള്ള അഭ്യാസികളെ കാണാൻ വേണ്ടി മാത്രം അദ്ദേഹം ഗായത്രിയിൽ നിന്നും ആശ്രമത്തിലേക്കു വന്നു. രാവിലെ 11 മണിയോടുകൂടി ഡോർമിറ്ററി എയിലേക്കു പോയ മാസ്റ്റർ അവിടെ 25 അഭ്യാസികൾ മാത്രമേയുള്ളൂ എന്നു കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു, "ഞാൻ 150–200 അഭ്യാസികൾ കാണുമെന്നു പ്രതീക്ഷിച്ചാണ് വന്നത്". മാസ്റ്റർ ഒരു പ്രഭാഷണം നടത്തുകയും അതിനു ശേഷം സത്സംഗം നൽകുകയും ചെയ്തു. സഹജമാർഗം ലളിതമായതും ഫലപ്രദമായതുമായ ഒരു പദ്ധതിയായതിനാൽ അതു മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകേണ്ടതില്ല എന്നു മാസ്റ്റർ പ്രഭാഷണത്തിൽ പറഞ്ഞു. സത്സംഗത്തിനു ശേഷം വളരെ ക്ഷീണിതനായി കാണപ്പെട്ട മാസ്റ്റർ മെല്ലെ



അദ്ദേഹത്തിന്റെ കോട്ടേജിലേക്കു മടങ്ങി.

അത്താഴത്തിനു ശേഷം മാസ്റ്റർ ഒമേഗ സ്കൂൾ അലുമിനി അസോസിയേഷനിലെ ചില അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. അവർ വളരെ ചെറിയ തുകയാണു കൈകാര്യം ചെയ്യുന്നതെങ്കിൽ കൂടി, ചിലവുകൾ, രസീത് എന്നിവയെക്കുറിച്ചും ശരിയായ രേഖകൾ വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാസ്റ്റർ ഊന്നി പറഞ്ഞു. എന്തു കാര്യം ചെയ്യുമ്പോഴും അതു ചെറുതോ വലുതോ എന്നു നോക്കാതെ ഒരുപോലെ പ്രയത്നിക്കണം എന്ന് നമ്മെ എല്ലാവരേയും ഈ സംഭവം പഠിപ്പിക്കുന്നു.

## ഒമേഗ അലൂമിനിക്കുവേണ്ടിയുള്ള സെമിനാർ

ജൂൺ 1–ാം തീയതി മാസ്റ്റർ ലൈബ്രറിക്കുമുകളിലെ കോൺഫറൻസ് ഹാൾ ഉത്ഘാടനം ചെയ്യുകയും ഒമേഗ സ്കൂളിൽനിന്നും ജയിച്ചു പോയ രണ്ടു ബാച്ചിലെ കുട്ടികൾക്കായുള്ള ഒരാഴ്ച നീളുന്ന സെമിനാർ ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അദ്ദേഹം കുട്ടികളോടു സംസാരിക്കുകയും അവർക്കു സിറ്റിംഗ് നൽകുകയും ചെയ്തു. പിന്നീട് അന്നു ഉച്ചയ്ക്കു മാസ്റ്റർ ഗായത്രിയിലേക്കു പോയി. ഹൈദരബാദിൽ കൻഹാ പദ്ധതിയുടെ പുരോഗതി കണ്ട് സന്തുഷ്ടനായ മാസ്റ്റർ, റജിസ്ട്രേഷൻ ജോലി സ്വയം നിർവ്വഹിക്കണമെന്ന ആഗ്രഹത്താൽ ഹൈദരാബാദിലേക്കു പോകാൻ തീരുമാനിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആരോഗ്യം അതിനനുവദിക്കാത്തതു കാരണം ആ യാത്ര വേണ്ടെന്നു വച്ചു.

ഹൈദരാബാദിലേക്കു പോകാൻ കഴിയാത്തതിനാൽ കൻഹാ പദ്ധതിയുടെ വൊളന്റിയർമാരെ മാസ്റ്റർ ജൂൺ 6–ാം തീയതി ഗായത്രിയിലേക്കു ക്ഷണിക്കുകയും അവരുമായി നീണ്ടുനിന്ന കൂടിക്കാഴ്ച നടത്തുകയും, ആ പദ്ധതി വിജയകരമാക്കിയതിനു അവർക്കു സമ്മാനങ്ങൾ നൽകി അനുമോദിക്കുകയും ചെയ്തു.

ജൂൺ 8–ാം തീയതി വെള്ളിയാഴ്ച മാസ്റ്റർ സഹോ: എം. ഡി.സന്താനഗോപാലന്റെ വീട്ടിലേക്ക് പോകുകയും അവിടെ ഒരാഴ്ച തങ്ങുകയും ചെയ്തു.

മാസ്റ്റർ ജൂൺ 14 വ്യാഴാഴ്ച ആശ്രമത്തിലേക്ക് മടങ്ങി. അടുത്ത ദിവസം അദ്ദേഹത്തിനു പല്ലുസംബന്ധിച്ച ചില ചികിത്സകൾ നടത്തി. അതിനുശേഷം അദ്ദേഹത്തിന്റെ മുഖം നീരുവച്ചു വീർത്തിരുന്നു. വളരെയധികം വേദനയും ഉള്ളതായി തോന്നി.

## ലക്നൗവിൽ നിന്നുള്ള അഭ്യാസികൾക്കായുള്ള സെമിനാർ

സെമിനാറിനായി ലക്നൗവിൽ നിന്നുള്ള ഏകദേശം 650 ഓളം അഭ്യാസികൾ അവിടെ സന്നിഹിതരായിരുന്നു. സാഹോ: ചക്രപാണി ഹിന്ദിയിൽ പ്രഭാഷണം നടത്തി. സ്നേഹത്തേയും ഉൾക്കടമായ അഭിലാഷത്തേയുംപറ്റി പ്രതിപാദിക്കുന്ന ചില പാട്ടുകൾ ഓർമ്മിപ്പിച്ചുകൊണ്ടു, അദ്ദേഹം നടത്തിയ പ്രഭാഷണം വളരെ ഫലപ്രദമായിരുന്നു.

ശനിയാഴ്ച മാസ്റ്റർ ഒരു പ്രിഫക്ട് സിറ്റിംഗ് നൽകി. അതിനുശേഷം അദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. അതിനാൽ ലക്നൗവിൽ നിന്നുള്ള അഭ്യാസികളെ അദ്ദേഹത്തിനു കാണാൻ സാധിച്ചില്ല. സഹൊ: വിനോദ് മിശ്ര, എല്ലാ സന്ദർഭങ്ങളിലും എങ്ങിനെ മാസ്റ്ററെ സന്തുഷ്ടനാക്കാം എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. മാസ്റ്റർ പിന്നീട് ഈ വിഷയത്തെക്കുറിച്ചു സംസാരിക്കുന്നതിനിടയിൽ ദാനം ചെയ്യുമ്പോഴുണ്ടാകേണ്ടുന്ന മനോഭാവത്തെക്കുറിച്ചു വിശദീകരിച്ചു; "ദാനം ചെയ്യുമ്പോൾ ഉള്ളിൽ ഭക്തിഭാവമാണ് ഉണ്ടാകേണ്ടത്".

വൈകുന്നേരം മാസ്റ്റർക്കു രണ്ടു മീറ്റിംഗുകൾ ഉണ്ടായിരുന്നു. ഒന്നു ലക്നൗവിൽ നിന്നും മറ്റ് സെന്ററുകളിൽ നിന്നും വന്ന കുട്ടികളുമായും, അടുത്തത് ആ സെന്ററുകളിലെ പ്രിസപ്റ്റർമാരുമായും ആയിരുന്നു. 80 ഓളം വരുന്ന കുട്ടികളും യുവാക്കളും മാസ്റ്ററെ കാണുകയും അദ്ദേഹം അവർക്കെല്ലാം ചോക്ലേറ്റ് നൽകുകയും അവരോട് സംസാരിക്കുകയും ചെയ്തു. അതിനു ശേഷം ലക്നൗവിൽ നിന്നുള്ള 17 പ്രിഫക്റ്റ്മാർക്ക് അദ്ദേഹം സിറ്റിംഗ് നൽകി.

17–ാം തീയതി രാവിലെ മാസ്റ്റർ സത്സംഗം നൽകി. ചെന്നൈ സെന്ററിൽ നിന്നും സമീപപ്രദേശങ്ങളിൽ നിന്നുമുള്ള അഭ്യാസികളും ലക്നൗവിലെ അഭ്യാസികളും കൂടെ ഹാൾ നിറഞ്ഞിരുന്നു.

# എക്കോസ് ഇന്ത്യ വാർത്താപത്രിക




കഴിഞ്ഞ ദിവസം മാസ്റ്റർക്ക് ലക്നൗവിലെ അഭ്യാസികളെ കാണാൻ കഴിയാതിരുന്നതുകൊണ്ട് അദ്ദേഹം അവരെ രാവിലെ 11 മണിക്ക് ഡോർമിറ്ററി 'എ'ൽ വെച്ച് കാണാൻ തീരുമാനിച്ചു. മാസ്റ്റർ ഹിന്ദിയിൽ നൽകിയ പ്രഭാഷണത്തിൽ, നല്ല കാര്യങ്ങൾ നാളത്തേക്ക് മാറ്റിവെക്കാതെ ഇന്നുതന്നെ ചെയ്യേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും ഊന്നിപ്പറഞ്ഞു. പ്രായം കൂടുന്നതിന്റെ അനിവാര്യമായ പ്രക്രിയയെ കുറിച്ചും പ്രായമാവുമ്പോൾ ആത്മീയാന്വേഷണം നടത്താമെന്ന ചിന്ത എത്ര തെറ്റാണെന്നും അദ്ദേഹം വിശദീകരിച്ചു. അടുത്ത നിമിഷം മരിക്കാൻ പോവുകയാണെന്ന മട്ടിൽ ജീവിക്കുന്നതാണു വിവേകം എന്ന ബാബുജിയുടെ പ്രസ്താവന അദ്ദേഹം ആവർത്തിച്ചു.. പ്രഭാഷണത്തിനു ശേഷം, രാവിലത്തെ സത്സംഗത്തിൽ എല്ലാവരും പങ്കെടുത്തതിനാൽ ഇനിയൊരു സിറ്റിംഗ് വേണോ എന്ന് അദ്ദേഹം ചോദിച്ചു. അഭ്യാസികൾ സിറ്റിംഗിനു വേണ്ടി അപേക്ഷിച്ചു. അവിടെ കൂടിയിരുന്ന അഭ്യാസികൾ പരിപാടി കഴിയുന്നതുവരെ കൂടിനിന്ന് ശല്യം ചെയ്യാതെ വളരെ അച്ചടക്കത്തോടെയും നിശ്ശബ്ദതയോടെയും ഇരുന്നുകൊണ്ട് മാസ്റ്റർക്ക് സ്വതന്ത്രമായി നടന്നു പോകാൻ സൗകര്യം ചെയ്തുകൊടുത്തു.

### മാസ്റ്ററും അദ്ദേഹത്തിന്റെ ജോലിയും

മാസ്റ്റർ "നമ്മുടെ കുട്ടികൾ വ്യത്യസ്ത ജീവി വർഗമാവുമൊ"എന്ന വിഷയത്തിലുള്ള ജുവാൻ എന്റിക്വെസ്ന്റെ ഒരു പ്രഭാഷണം കേട്ടു, വളരെ രസകരവും ചിന്തോദ്ദീപികവുമായ ഒന്ന്. അത് ശ്രദ്ധാപൂർവം കേട്ട മാസ്റ്റർ മനുഷ്യ പരിണാമത്തെ കുറിച്ച് ചില നിരീക്ഷണങ്ങളും നടത്തി.

മാസ്റ്റർക്ക് കുറച്ച് ദിവസങ്ങളായി വലത് തോളിൽ ചെറിയ വേദനയുണ്ടായിരുന്നു. ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ മേൽനോട്ടത്തിൽ അദ്ദേഹം ചില വ്യായാമങ്ങൾ ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാധാരണ പ്രവർത്തനങ്ങൾ എല്ലാ സാഹചര്യങ്ങളിലും തുടർന്നു കൊണ്ടിരുന്നു. പുതിയ പ്രിഫെക്റ്റുമാർക്ക് വേണ്ടിയുള്ള നിർദേശങ്ങൾ മാസ്റ്ററുടെ ആരോഗ്യ സ്ഥിതിമൂലം തീരുമാനത്തിനായി കാത്തിരിക്കുന്നെന്ന് സൂചിപ്പിക്കപ്പെട്ടപ്പോൾ ഉടനെത്തന്നെ 4 പേരെ വിളിച്ചുവരുത്താൻ ആവശ്യപ്പെട്ടു.

മാസ്റ്റർ കുട്ടികളുടെ കൂടെ സമയം ചിലവഴിക്കുകയും അവരുമായി സന്തോഷത്തോടു കൂടി ആശയവിനിമയം നടത്തുകയും ചെയ്യുന്നു. ഒരിക്കൽ ഒരു നവജാത ശിശുവിനു നാമകരണം ചെയ്യാൻ ദമ്പതികൾ അദ്ദേഹത്തെ സമീപിച്ചു. അൽപനേരം ആലോചിച്ചതിനു ശേഷം മാസ്റ്റർ സരസ്വതി എന്ന പേരിട്ടു. അദ്ദേഹം കുട്ടിയോട് സംസാരിച്ചു, കുട്ടി തിരിച്ച് ചിരിക്കാനും തുടങ്ങി. കുട്ടികൾ അങ്ങയോട് ആശയ വിനിമയം നടത്താറുണ്ടോ മാസ്റ്റർ എന്ന ഒരു അഭ്യാസിയുടെ ചോദ്യത്തിനു അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു "ഇല്ല, അവർ ആശയവിനിമയം നടത്താറില്ല. പക്ഷെ അവർ എന്നെ തിരിച്ചറിയുമ്പോൾ ചിരിക്കും." അദ്ദേഹത്തിലെ മാസ്റ്ററിനെ നമ്മളിലെത്ര പേർക്ക് ആദ്യ ദർശനത്തിൽ തിരിച്ചറിയാൻ കഴിയാറുണ്ട്?

## യുവ പരിപാടികൾ



### പൻവേൽ

പൻവേൽ ആശ്രമം 13–17 വയസ്സുള്ള നാൽപത്തഞ്ച് കുട്ടികൾക്ക് വേണ്ടി ഏപ്രിൽ 20 മുതൽ 25 വരെ ഒരു ക്യാമ്പ് സംഘടിപ്പിച്ചു. ഈ പ്രായ പരിധിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണു തിരഞ്ഞെടുത്തത്. ക്യാമ്പ് ആരംഭിച്ചത് ഈശ്വര പ്രാർഥനയോടെ ആണ്. ഓരോ കുട്ടിയും ഒരു മെഴുകുതിരി കത്തിച്ചുകൊണ്ട് ദൈവത്തെപ്പറ്റിയുള്ള തന്റെ സങ്കൽപത്തെപ്പറ്റി പറയണം. മഹാന്മാരുടെ പേരുകളും അവരുടെ മുഖ്യ ഗുണവും ചേർത്താണ് ഗ്രൂപ്പുകൾക്കു പേരിട്ടത്. മദർ തെരേസ-ശുശ്രൂഷയുടെ മെഴുകുതിരി, ചാരിജി മാസ്റ്റർ-സ്നേഹദീപം, അബ്രഹാം ലിങ്കൻ-വിശ്വാസത്തിന്റെ ഞെക്കുവിളക്ക്, അങ്ങനെ അങ്ങനെ. ഓരോ ഗ്രൂപ്പിനും അപൂർണമായ ഒരു കഥ നൽകി. അത് അവർ പാവകളും മുഖം മൂടിയും ഉപയോഗിച്ച് അഭിനയിച്ച് പൂർത്തിയാക്കണം.

സ്വരച്ചേർച്ച, ആസൂത്രണം, ആരോഗ്യവും പോഷകാഹാരവും, ഊർജ്ജവും ഉത്സാഹവും എന്നീ വിഷയങ്ങളിൽ അതാത് രംഗത്ത് പ്രവർത്തിക്കുന്ന അഭ്യാസികൾ ക്ലാസ് എടുത്തു. ഛായാഗ്രഹണത്തിന്റെ ക്ലാസ്സിനെ തുടർന്ന് ആശ്രമത്തിലെ ഹരിതഭംഗി കുട്ടികൾ ആശ്ചര്യകരമായി ക്യാമറയിൽ പകർത്തി. നിധിവേട്ട അവർ ആസ്വദിച്ചു. ഗ്രൂപ് ഫോട്ടൊ ഒരു സ്മരണികപോലെ എല്ലാവർക്കും കൊടുത്തു.

### മണപ്പാക്കം, ചെന്നൈ

17–30 വയസ്സുള്ള യുവാക്കൾക്കു വേണ്ടി മണപ്പാക്കത്ത് മേയ് 27ന് 'ജീവിതം ലളിതവും സഹജവും ആക്കൂ' എന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു പരിപാടി സംഘടിപ്പിച്ചു. 50 പേരോളം പങ്കെടുത്ത ഈ പരിപാടി തുടങ്ങിയത് പ്രകൃതി സംരക്ഷണ സംഘടന നടത്തിയ ഒരു 'പ്രകൃതിസവാരി'യോടുകൂടിയാണ്. പങ്കെടുത്തവർ ആശ്രമത്തിലുള്ള വിവിധതരം മരങ്ങളുമായി പരിചിതരാവുകയും അവയുടെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തു. ജീവിതം ലളിതമാക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ഒരു പ്രഭാഷണവും ഇതേ വിഷയത്തിലുള്ള മാസ്റ്ററുടെ കാഴ്ച്ചപ്പാടുകളും അവതരിപ്പിക്കുകയുണ്ടായി. സഹജമാർഗത്തിലെ നാലാമത്തെ പ്രമാണത്തെ സംബന്ധിച്ച് ചർച്ചയും സംഘപാരായണവും സംഘടിപ്പിച്ചു. പരിപാടി പ്രായോഗികവും ഉപയോഗപ്രദവും ആയിരുന്നു.

# എക്കോസ് ഇന്ത്യ വാർത്താപത്രിക

## ബനശങ്കരി ആശ്രമം, ബാംഗ്ലൂർ



ബാംഗ്ലൂരിലെ യുവാക്കളെ ഒന്നിച്ചുകൊണ്ടുവരുവാൻ തുടരുന്ന ശ്രമങ്ങളുടെ ഭാഗമായി അനൗപചാരിക സമ്മേളനങ്ങൾ 2012 ജനുവരിയിൽ തുടങ്ങി. മാസത്തിൽ ഒരു ഞായറാഴ്ച രണ്ടു മണിക്കൂർ വീതം നടത്താറുള്ള ഈ ഒത്തുചേരലിൽ പങ്കെടുക്കുന്നവരുടെ എണ്ണം ക്രമേണ വർദ്ധിച്ചുവരുന്നുണ്ട്. ലക്ഷ്യത്തിലേക്കുള്ള ഈ യാത്രയിൽ ഓരോരുത്തരിൽനിന്നും പഠിക്കുവാനും മിഷൻെറ പ്രവർത്തനങ്ങളിൽ കൂട്ടായി പങ്കെടുക്കുവാനും സംഘങ്ങൾക്കു പ്രചോദനം നൽകലാണ് ഈ സമ്മേളനങ്ങളുടെ ഉദ്ദേശം.

ഓരോ യോഗത്തിൻേറയും വിഷയങ്ങൾ സാധനാപദ്ധതികൾ കൂടാതെ 'ഞാൻ എന്തിനു സഹജമാർഗ്ഗത്തിൽ തുടരുന്നു?', 'ഞാൻ ആരാണ്?', 'അസ്ഥിത്വത്തിൽ നിന്നും സക്ഷാത്കാരത്തിലേക്ക്', മുതലായവയും തിരഞ്ഞെടുക്കപ്പെടുന്നു. ഓരോ യോഗത്തിലും പുതിയതായി – കലാ സംസ്കാരികം, സംഗീതം, കവിത, നാടകം – തുടങ്ങിയ ഏതെങ്കിലും വിഷയങ്ങൾ ഉൽപ്പെടുത്താനും ശ്രമിക്കുന്നുണ്ട്. ഓരോ വിഷയത്തിലും ആത്മപരിശോധനകൾക്കും ചർച്ചകൾക്കും പുറമെ, പങ്കെടുക്കുന്നവർ തമ്മിലുള്ള ബന്ധങ്ങൾ ഉറപ്പിക്കുവാൻ സഹായിക്കുന്നതിനും ഒരുമയുടേയും സന്തോഷത്തിൻേറയും അനുഭവങ്ങൾ വളർത്തുവാനുമുള്ള കളികളും മറ്റു വിനോദപരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ യോഗവും അന്നത്തെ ചിന്താവിഷയങ്ങൾ ഉറപ്പിക്കുവാനും കൂടുതൽ വിശകലനങ്ങൾ നൽകുന്നതിനും മാസ്റ്ററുടെ പ്രഭാഷണങ്ങളോടെയൊ, വിഡിയോയുടേയൊ കൂടെ അവസാനിപ്പിക്കുന്നു. റെസിഡെൻഷിയൽ ക്യാമ്പ്, അടുത്ത വേറൊരു സെൻററിലേക്കൊരു പര്യടനം, നാടകാവതരണം, ഫോട്ടോഗ്രാഫിക് മത്സരം, മുതലായ പരിപാടികളും വരും മാസങ്ങളിലേക്കു പദ്ധതിയിട്ടിട്ടുണ്ട്. ഈ സമൂഹം മാസ്റ്ററുടെ ഉപദേശപ്രകാരം മുന്നോട്ടുപോകുമെന്നും സഹോദര-സഹോദരിമാരുടെ സഹായ സഹകരണങ്ങളോടെ കോളേജിലൊ ജോലിയിലൊ ഉണ്ടാകാവുന്ന സമ്മർദ്ദങ്ങളെ തരണം ചെയ്യുവാൻ പ്രാപ്തരാകുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.





## മഹാരാഷ്ട്ര

ആധ്യാത്മിക സാധനയുടെ പ്രാധാന്യത്തിലേക്ക് യുവാക്കളുടെ ശ്രദ്ധ പുനർകേന്ദ്രീകരിക്കുവാനുള്ള ലക്ഷ്യത്തോടെ ഏപ്രിൽ 14, 15 തീയതികളിൽ സംഘടിപ്പിച്ച പരിപാടിയിൽ മുംബേ, പൂനെ, നാസിക് എന്നീ സെൻററുകളിലെ സുമാർ എഴുപത്തെട്ടു അഭ്യാസികൾ പങ്കെടുത്തു. 'ഞാൻ എന്തു ചെയ്യണം?', 'ഞാൻ എപ്രകാരം പെരുമാറണം?', 'എപ്രകാരം എൻെറ ശ്രദ്ധ ആന്തരീകമായി നിർത്താം?' എന്നീ മൂന്നു ചോദ്യങ്ങൾക്കുത്തരം കണ്ടെത്താനായി 'എമുലേറ്റിംഗ് ഹിസ് വേയ്സ്' എന്ന വിഷയം പ്രതിപാധ്യമായി. ഇതിൽ സാധന, സ്വഭാവ രൂപീകരണം, മനോഭാവം, മാറ്റം, എന്നീ വിഷയങ്ങൾക്കു പ്രാധാന്യം നൽകിയിരുന്നു. ഇതിനെത്തുടർന്ന് പത്തു പ്രമാണങ്ങളെ ആധാരമാക്കി ഒരു പരിപാടിയും നടന്നു. മിഷനിൽ സ്വമേധയാ ചെയ്യുന്ന ജോലികളുടെ പ്രാധാന്യത്തെക്കുറിച്ചു വിശദീകരിക്കപ്പെട്ടു. രണ്ടാം ദിനത്തിൽ നടന്ന ചോദ്യോത്തരവേളയിൽ യുവാക്കളുടെ ദൈനംദിന അഭ്യാസവും അനുഭവങ്ങളും സംബന്ധിച്ച ധാരാളം സംശയങ്ങൾക്കു അനുഭവജ്ഞാനമുള്ള അഭ്യാസികളും, പ്രിഫെക്റ്റുകളും അടങ്ങിയ സംഘം വിശദീകരണം നൽകി. മനോഭാവത്തിനേക്കുറിച്ചും മാറ്റത്തിനേക്കുറിച്ചുമുള്ള പരിപാടികൾക്കുശേഷം കുറെ വിനോദവേളകളുമുണ്ടായിരുന്നു. പൂനയിലെ സഹോദരൻ അമോൽ ധ്യാനത്തേക്കുറിച്ച് ഒരു 2ഡി അനിമേറ്റെഡ് വിഡിയൊ അവതരിപ്പിച്ചു. കുറച്ചു ഭജനകളും സഹജമാർഗ പുസ്തകങ്ങളേക്കുറിച്ചുള്ള ഒരു അവതരണവുമുണ്ടായിരുന്നു.

## നോയിഡ

നോയിഡ സെൻററിലെ യുവസംഘം 6 മുതൽ 11 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് മെയ് ജൂൺ മാസങ്ങളിലേക്ക് വിവിധ പ്രവർത്തന പരിപാടികൾക്ക് പദ്ധതി തയ്യാറാക്കി. സുമാർ 60 കുട്ടികൾക്കായി ആഴ്ചയിൽ രണ്ട് വേനൽ ക്ലാസ്സുകൾ നടത്തി. ആ ക്ലാസ്സുകളിൽ 'സൗഹാർദം', 'പങ്കിടൽ', 'സഹകരണം', 'ശ്രദ്ധിച്ചു കേൾക്കൽ' മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഈ സംഘം ഭാവിയിൽ 6-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികളെ സംഘടിപ്പിക്കുവാനും, ആധ്യാത്മിക മൂല്യാധിഷ്ടിതമായ ക്ലാസ്സുകൾ തുടങ്ങുവാൻ സ്കൂളുകളുമായി ബന്ധപ്പെടുവാനും പരിപാടിയിട്ടിട്ടുണ്ട്.

# കുട്ടികൾക്കായുള്ള അവധിക്കാല ക്യാമ്പ്





## മണപ്പാക്കം, ചെന്നൈ

മെയ് മാസം 7-ന തുടങ്ങി 9-ന വരെ ഏഴിനും പതിമൂന്നിനും ഇടയിൽ പ്രായമുള്ള 120 കുട്ടികൾ മണപ്പാക്കത്തേക്കു വന്നു. ആദ്യത്തെ ദിവസം പലവിധത്തിലുള്ള കർമ്മപരിപാടികൾ, കരകൗശല പരിപാടികൾ, വിനോദങ്ങൾ എന്നിവ 'സ്നേഹത്തോടുകൂടിയ അച്ചടക്കം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തി. മൂല്യാധിഷ്ഠിതമായി നിർമ്മിച്ച ഒരു സിനിമ കുട്ടികൾക്കു കാണിച്ചുകൊടുത്തു.

രണ്ടാമത്തെ ദിവസത്തെ വിഷയം 'സരളതയും സംവേദനക്ഷമതയും' ആയിരുന്നു. കരകൗശല വിദ്യയെപ്പറ്റി ക്ലാസും, ചോദ്യോത്തര വേളയും ഉണ്ടായിരുന്നു. അതിനുശേഷം കുട്ടികൾ സ്വന്തം കൈകൊണ്ട് മൺപാത്രങ്ങൾ നിർമ്മിക്കാൻ ശ്രമിച്ചു.

മൂന്നാമത്തെ ദിവസത്തെ വിഷയം 'പ്രകൃതിക്കൊത്ത ആരോഗ്യമുള്ള ജീവിതം' ആയിരുന്നു. ശരീര അവയവങ്ങളെപ്പറ്റിയുള്ള പഠനം, ടി-ഷർട്ടിൽ ചിത്രം വരക്കൽ, പാവകളി എന്നിവ ആസ്വാദകരമായിരുന്നു. ഈ ക്യാമ്പിൽ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും ഉണ്ടായിരുന്നു. ഇതോടൊപ്പം ഇവിടുത്തെ എൻ.ജി.ഓ-കൾ നടത്തിയ 'മരങ്ങളെഅറിയുക' എന്ന പരിപാടിയിൽ പല കുട്ടികളും പങ്കുചേർന്നു. ആശ്രമത്തിലുള്ള പല മരങ്ങളെപ്പറ്റി കുട്ടികൾക്കു അറിവു ലഭിച്ചു. അവരിൽ നിന്നും അവരുടെ മാതാപിതാക്കളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ പ്രോത്സാഹജനകമായിരുന്നു.

## വഡോദര

മെയ് 26-ന ശനിയാഴ്ച്ച വഡോദര കേന്ദ്രത്തിൽ കുട്ടികൾക്കായി ഒരു അവധിക്കാല ക്യാമ്പ് നടത്തി. 60 പേർ ഇതിൽ പങ്കെടുത്തു. ലാലാജി മഹരാജ്, ബാബുജി മഹരാജ് എന്നിവരെപ്പറ്റിയുള്ള സ്ലൈഡ് പ്രദർശനവും, പാട്ടും, കഥയും എല്ലാം ഉണ്ടായിരുന്നു. സദാചാര മൂല്യങ്ങളെപ്പറ്റി നടത്തിയ പരിപാടികൾ കുട്ടികൾക്കു ഉപയോഗമുള്ളതായിരുന്നു.



## പൻവെൽ, മുംബൈ

8-നും 12-നും ഇടയിൽ പ്രായമുള്ള 20 കുട്ടികൾ, മെയ് 25 മുതൽ 27വരെ നടത്തിയ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളെ സംഘങ്ങളായി പിരിച്ചു ഓരോ സംഘത്തിനും വെവ്വേറെ വിഷയങ്ങൾ നൽകി. അവസാന ദിവസം ഈ സംഘങ്ങൾ അവർക്കു കൊടുത്ത വിഷയങ്ങൾ നാടകം വഴി അവതരിപ്പിച്ചു. പ്രകൃതിയെപ്പറ്റിയുള്ള പല കൗതുക ചിത്രങ്ങൾ അവർ പ്രദർശിപ്പിച്ചു. സംഗീത ക്ലാസിൽ പാട്ടു പാടി; അവരിൽ ഒരാൾ രചിച്ച പാട്ട് മന:പാഠം പഠിച്ചു. വൈകുന്നേരത്തെ ആകാശവീക്ഷണം എല്ലാവരും ആസ്വദിച്ചു. വിദഗ്ദരുടെ സഹായത്തോടുകൂടി കയറുപയോഗിച്ചു ചുവർ കയറാൻ അവർ ശ്രമിച്ചു. ചെറു കൂട്ടങ്ങളായി പിരിഞ്ഞ് പല കളികളും അവർ കളിച്ചു. കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ പഠിച്ച ക്ലാസിൽ അവർ ഒരു ഫോട്ടോ ചട്ടം ഉണ്ടാക്കി അതിൽ അവരുടെ ഗ്രൂപ് ഫോട്ടോ ഒട്ടിച്ചുവെച്ചു. ഊർജത്തെപ്പറ്റി ഒരു കടങ്കഥ മത്സരം ഉണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ആശ്രമ പരിസരം മുഴുവൻ കുട്ടികളുടെ നിഷ്ക്കളങ്കതയാൽ നിറഞ്ഞിരുന്നു.

## പിലിബിറ്റ്

മെയ് 25-ന തുടങ്ങി ജൂൺ 3 വരെ പിലിബിറ്റ് കേന്ദ്രത്തിൽ നടന്ന ക്യാമ്പിൽ പത്തിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടികൾ ഉത്സാഹത്തോടെ പങ്കെടുത്തു. രാവിലെ 6.30 തുടങ്ങി 9.30 വരെ ക്ലാസ്സുകൾ ഉണ്ടായിരുന്നു. തമാശ നിറഞ്ഞ ക്ലാസുകളിൽ ചിരിയും, പഠനവും, പ്രചോദനവും ഒരുപോലെ ദൃശ്യമായിരുന്നു. സദാചാര, സമൂഹ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ സഹായകമായ കളികളും, ചിത്രം വരക്കലും ഉപന്യാസമെഴുത്തും ഉണ്ടായിരുന്നു.

അവസാന ദിവസം മാതാപിതാക്കൾക്കും രക്ഷാകർത്താക്കൾക്കുമായി ഒരു പൊതുസദസ്സ് നടത്തി. ഈ ക്യാമ്പിനുശേഷം കുട്ടികളിൽ ഉണ്ടായ മാറ്റത്തിൽ ഇവർ സന്തോഷം പ്രകടിപ്പിച്ചു.

# അറിയിപ്പുകൾ

## മാസ്റ്ററുടെ എൺപത്തിയാറാമത്തെ ജന്മദിനാഘോഷം

ജൂലായ് 23–ന് തുടങ്ങി 25 വരെ തമിഴ്നാട്ടിലെ തിരുപ്പൂരിൽ നടക്കുന്ന ഈ ആഘോഷങ്ങളിൽ പങ്കെടുക്കാൻ എല്ലാ അഭ്യാസികളെയും ക്ഷണിക്കുന്നു.

## പുതിയ സോൺ ഇൻ–ചാർജ് നിയമനം

### സോൺ 2–എ തമിഴ്നാട്

സഹോ. ബി.എസ്. മുരുകൻ (ഹൊസൂരിൽ നിന്ന്) സഹോ. എസ്.പ്രകാശിൽ നിന്നു ചുമതല ഏറ്റെടുക്കുന്നു.

### സോൺ 8 –മദ്ധ്യപ്രദേശ്

സഹോ. പ്രഭാകർ ദാസ് (ഭോപാലിൽ നിന്ന്) സഹോ. വികൽപ് മുദ്ധയിൽ നിന്നു ചുമതല ഏറ്റെടുക്കുന്നു.

### സോൺ 12–ബി യു.പി.കേന്ദ്രം.

സഹോ. അശോക് ഗാർഗ് (ലക്നൗവിൽ നിന്ന്) സഹോ. ഷ്യാമാജി മെഹ്രോത്രയിൽ നിന്നു ചുമതല ഏറ്റെടുക്കുന്നു.

### റിട്രീറ്റ് സെൻറർ, പൻഷെറ്റ്

സഹോ. ഡോ. രാജെന്ദ്ര രാതോർ ജൂൺ 15–ന മാനേജരായി സഹോ. കെ.ടി. മഞ്ചുനാഥിൽ നിന്നു ചുമതല ഏറ്റെടുക്കുന്നു.

### ക്രെസ്റ്റ്, ബാംഗ്ലൂർ

സഹോ. സീതാകുഞ്ചിതപാദം മെയ്മാസം തുടങ്ങി ഡയറക്റ്റർ ആയി സഹോ. ഡോ.എ.പെരുമാളിൽ നിന്നു ചുമതല ഏറ്റെടുക്കുന്നു.

## പൽഗവ് ആശ്രമം ഉത്ഘാടനം

ഏപ്രിൽ 22–ന മാസ്റ്റർ വീഡിയോ വഴി മഹരാഷ്ട്രയിലെ പൽഗവ് ആശ്രമം ഉത്ഘാടനം ചെയ്തു. അതിനുശേഷം ആശ്രമത്തിലുണ്ടായിരുന്ന അഭ്യാസികൾക്കുവേണ്ടി സത്സംഗം നടത്തി. സോൺ–ഇൻ–ചാർജ് സഹോ. വൈദ്യയോടൊപ്പം ചില അഭ്യാസികളും അപ്പോൾ മണപ്പാക്കം ആശ്രമത്തിൽ ഉണ്ടായിരുന്നു.

10494 ച.അടി വിസ്താരമുള്ള ഈ ആശ്രമം ചെറുതാണെങ്കിലും മനോഹരമായതാണ്. 2290 ച.അടി വിസ്താരമുള്ള ധ്യാന ഹാളിൽ 300 പേർക്കിരിക്കാം. ലൈബ്രറി, പാചകശാല, ശൗചാലയം, കുളിമുറി എന്നീ സൗകര്യങ്ങളും ഇവിടെ ഉണ്ട്. തദവസരത്തിൽ പൽഗവ്, അമ്രാവതി, വാർധ, യൊറ്റ്മാൽ, ചന്ദ്രപുർ, നാഗ്പുർ എന്നീ കേന്ദ്രങ്ങളിൽ നിന്നു വന്ന 200–ൽ പരം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. അഭ്യാസികളുടെ ആത്മീയ പുരോഗതിക്കാവശ്യമായ എല്ലാം സ്നേഹം വഴി നൽകി മാസ്റ്റർ അവരുടെ ഹൃദയം നിറക്കുന്നു.



“പ്രേമം ഒരു പ്രേമിയെ തൻെറ പ്രേമഭാജനത്തിനടുത്തെക്ക് കൊണ്ടുവരുന്നു. ഈ സാമീപ്യത്തിനു അതിരുകളില്ല. പ്രേമവും സ്നേഹവും കൂടുംതോറും അദ്ദേഹത്തിൻെറ അടുത്തേക്കുള്ള മുന്നേറ്റത്തിനു ആക്കം കൂടുന്നു. ഈ ബന്ധം നമുക്ക് പൈതൃകാവകാശമായി ലഭിക്കുന്നതാണ്. അദ്ദേഹത്തിൻെറ ഏറ്റവും അടുത്തു എത്താൻ കഴിയുംവിധം ഈ അവകാശത്തെ വളർത്തിയെടുക്കേണ്ടത് നമ്മുടെ ചുമതലയാണ്.”

ശ്രീ രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ
വാല്യം 1, അദ്ധ്യായം പ്രമാണം 2 പേ. 207,
ബാബുജി മഹരാജ്.

# പരിശീലന പരിപാടികൾ

## ജോധ്പുർ, രാജസ്ഥാൻ

‘സാഹോദര്യം’ എന്ന വിഷയത്തെപ്പറ്റി ജൂൺ 3–ന ഒരു ശിൽപശാല നടത്തി. എല്ലാ അഭ്യാസികളും, നാം എന്താകണമെന്നു മാസ്റ്റർ ആഗ്രഹിക്കുന്നുവോ അതായി തീരട്ടെ എന്ന പ്രാർഥനക്കുശേഷം വളരെ താത്പ്പര്യത്തോടുകൂടി, ഈ ശിൽപശാലയിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം ആദ്യ ഭാഗം ആത്മപരിശോധനക്കായി ഉപയോഗിച്ചു – അതായത്, നമ്മുടെ ഭാഗത്തുനിന്നു എന്താണ് ചെയ്യാനുള്ളത് എന്ന് തീരുമാനിക്കാൻ. സ്വയം മാറുവാൻ തീരുമാനിക്കുകയും, അതിനുശേഷം എന്തു മാറ്റമാണാവശ്യമെന്നു മനസ്സിലാക്കി അതിനു വേണ്ടി പ്രയത്നിക്കുകയുമാണാവശ്യമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. സാധന ആത്മാർഥതയോടുകൂടി ചെയ്ത് അച്ചടക്കമുള്ള, മാസ്റ്ററോട് സഹകരിക്കുന്ന അഭ്യാസികളാകണം എന്നു എല്ലാവരും അഭിപ്രായപ്പെട്ടു. നമ്മുടെ അന്തരംഗങ്ങളിൽ ഉള്ള സ്നേഹം മാസ്റ്റർക്കു നേരെ മാത്രം തിരിച്ചുവെക്കണം. നാം എന്തായിത്തീരണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നുവോ അതുമാതിരി നമുക്കൊരു മാതൃകയായി ജീവിച്ച് നമ്മെ അദ്ദേഹം അനുഭവത്തിൽകൂടി പഠിപ്പിക്കുന്നു. വൈകുന്നേരത്തെ സത്സംഗത്തിനുശേഷം, എല്ലാവർക്കും ഒരു പുതിയ ആരംഭത്തിനായി പ്രാർഥിച്ചുകൊണ്ട് ഈ പരിപാടി അവസാനിച്ചു.





# പരിശീലന പരിപാടികൾ ...തുടർച്ച.

## ഷില്ലോങ്ങ്, മേഘാലയ



ആദ്യമായി, ഷില്ലോങ്ങ് സെൻററിൽ ഒരു പരിശീലന പരിപാടി നടത്തി. 12 അഭ്യാസികൾ പങ്കെടുത്തു. മനനത്തിലൂടെയും നിരീക്ഷണത്തിലൂടെയും ധ്യാനപരിശീലനം എങ്ങനെ നടത്താമെന്ന് പരിശീലിപ്പിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശം. ഓഡിയോ, വീഡിയോ തുടങ്ങിയ വിവിധ തരത്തിലുള്ള അവതരണങ്ങളും മറ്റു പ്രവർത്തനരീതികളും ഉണ്ടായിരുന്നു. 'ഞാൻ നിങ്ങളോട് പറയുന്നു' എന്ന ബാബുജിയെപ്പറ്റിയുള്ള വീഡിയോ പ്രദർശനവും നടത്തി. ധ്യാനപരിശീലനത്തിൽ പ്രകടമായ മാറ്റങ്ങൾ വരുത്തേണ്ടതിൻെറ ആവശ്യകത പങ്കെടുത്തവർക്കെല്ലാം അനുഭവമായി.

## ഇന്തോർ, മദ്ധ്യപ്രദേശ്

മേയ് 26ന് ഇന്തോർ ആശ്രമത്തിൽ 20 ഓളം അഭ്യാസികൾ പങ്കെടുത്ത, ഡയറി എഴുത്തിൻെറ ആവശ്യകതയെപ്പറ്റി ഒരു പരിപാടി നടത്തി. സത്സംഗത്തോടെ തുടങ്ങിയ പരിപാടിയിൽ പൂജ്യ മാസ്റ്ററുടെ ഒരു വീഡിയോ പ്രദർശിപ്പിച്ചു. തങ്ങൾ എപ്രകാരമാണ് ഡയറി എഴുതുന്നത് എന്ന് ആത്മപരിശോധന നടത്തിയ അഭ്യാസികൾ വരുത്തേണ്ട മാറ്റങ്ങൾ കുറിച്ചെടുത്തു. മാസ്റ്ററുടെ ഉദ്ധരണികൾ അവതരിപ്പിച്ചതിനു ശേഷം ചർച്ച നടത്തി. ഡയറി എഴുത്തിൻെറ പ്രസക്തിയെപ്പറ്റി അനാച്ഛാധിതമായ ആത്മാവ് എന്ന മാസ്റ്ററുടെ പ്രഭാഷണത്തോടെ പരിപാടി പൂർത്തിയാക്കി.

## ഉത്തർപ്രദേശ്

ഡയറി എഴുതുന്നതിൻെറ ആവശ്യകതയെക്കുറിച്ചും ശുദ്ധീകരണത്തെക്കുറിച്ചും ഖോരഖ്പൂർ സെൻററിൽ മെയ് 13 നും 20 നും നടത്തിയ പരിപാടിയിൽ മുപ്പതോളം അഭ്യാസികൾ പങ്കെടുത്തു. മാർഗ നിർദ്ദേശങ്ങൾ വായിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ പങ്കെടുത്തവരോട് ആവശ്യപ്പെട്ടു. രണ്ടാമത്തെ ഭാഗത്തിൽ മാസ്റ്ററുടെ പ്രഭാഷണം ശ്രവിച്ച ശേഷം ചില ചോദ്യങ്ങൾക്കുത്തരം നൽകുവാൻ ആവശ്യപ്പെട്ടു. ഡയറി എഴുത്തിൻെറയും ശുദ്ധീകരണത്തിൻെറയുമായി രണ്ടു ഭാഗങ്ങൾ ഈ പരിപാടിയിലൂടെ നടത്തി. ഈ പരിപാടി ബഹ്റേയ്ച്, ബാലിയ സെൻററുകളിലും നടത്തിയിട്ടുണ്ട്.



## കർണ്ണാടകയിലെ മൈസൂരിൽ ആസൂത്രണത്തിനായി ഒരു ശിൽപശാല

തെക്കെ കർണ്ണാടക സോണിലെ വിവിധ സെൻററുകളിലെ സെൻറർ-ജില്ലാ കോ-ഓർഡിനേറ്റർമാർക്കുമായി മേയ് 19, 20 തിയതികളിലായി മൈസൂർ ആശ്രമത്തിൽ ഒരു ആസൂത്രണ ശിൽപശാല നടത്തി. ഈ സോണിൽ 13 വളൻറിയർമാരുണ്ട്; ഇവരെ സഹായിച്ചു കൊണ്ട് ബാംഗ്ലൂർ അടിസ്ഥാനമാക്കി ഒരു കൂട്ടം വളൻറിയർമാരും പ്രവർത്തിക്കുന്നു. പങ്കെടുക്കുന്നവർ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ഈ ശിൽപശാല തുടങ്ങി.സോൺ തലത്തിലുള്ള വിവരങ്ങളെക്കുറിച്ച് ഒരു വിശദീകരണം സോൺ-ഇൻ-ചാർജ് നൽകി. സെൻററുകളുടെ ഇപ്പോഴത്തെ സ്ഥിതി, കഴിഞ്ഞ ഒരു വർഷം നടത്തിയ പരിപാടികൾ, നേരിട്ട പ്രതിസന്ധികൾ തുടങ്ങിയ വിഷയങ്ങൾ പങ്കെടുത്തവർ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. രണ്ടാമത്തെ ദിവസം, സത്സംഗത്തിനുശേഷം 'ചുമതലകളും ഉത്തരവാദിത്തവും' എന്ന വിഷയത്തെ അധികരിച്ച് പൂജ്യ മാസ്റ്റർ നടത്തിയ പ്രഭാഷണത്തിൻെറ വീഡിയൊ കാണിച്ചു. അതിനുശേഷം, ഗ്രൂപ്പുകൾ സെൻററുകളിൽ അഭ്യാസികളുടെ എണ്ണവും ആദ്ധ്യാത്മിക വളർച്ചയും എങ്ങനെ കൂട്ടാം എന്നതിനെക്കുറിച്ച് ചർച്ച നടത്തി. വലിയ സെൻററുകളിലെ ആശ്രമപരിപാലനത്തെക്കുറിച്ചും ചർച്ച നടത്തി. ആസൂത്രണങ്ങൾ, ലക്ഷ്യപൂർത്തീകരണത്തിനു പ്രാധാന്യം കൊടുക്കേണ്ടതിനോടൊപ്പം അത് ഹൃദയപൂർവം ആവേണ്ടതിൻെറ പ്രാധാന്യത്തിന് ഊന്നൽ നൽകി. ചർച്ചയിൽ പങ്കെടുത്തവരെല്ലാം തുറന്ന് ഇടപെട്ടു. അവരെല്ലാം പുതിയ അറിവുകൾ നേടിയതിലും സാധാരണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായതിലും സന്തോഷവാന്മാരായി.

## ഗോദ്ര, ഗുജറാത്ത്

ഗോദ്ര ആശ്രമത്തിൽ മേയ് 19 ന് പതിമൂന്ന് പുതിയ അഭ്യാസികൾക്കായി CREST നിർദ്ദേശിച്ച പ്രകാരം 'അഭ്യാസി പരിശീലന പരിപാടി-ലെവൽ 1' നടത്തി. കുറച്ച് അതിഥികളും അഭ്യാസികളുടെ ബന്ധുക്കളും കൂടി ഈ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് ചോദ്യോത്തരവേളനടത്തി. പുതിയ അഭ്യാസികൾക്കും ബന്ധുക്കൾക്കും സഹജമാർഗം പരിചയപ്പെടുത്തുവാനുള്ള പുസ്തകങ്ങൾ തുടങ്ങിയവ നൽകി. മിഷനിൽ പുതിയതായി ചേർന്ന അഭ്യാസികൾക്ക് ഈ പരിപാടി വളരെ സഹായകമായി.





## പ്രകാശകേന്ദ്രം

# രത്‌ലം ആശ്രമം, മദ്ധ്യപ്രദേശ്




പടിഞ്ഞാറെ മദ്ധ്യപ്രദേശിലെ പ്രധാന ജില്ലകളിലൊന്നാണ് മാൾവ-മേഖല എന്ന പേരിലും കൂടി അറിയപ്പെടുന്ന രത്‌ലം.

രത്‌ലം, ജില്ലയുടെ ഭരണ നിർവ്വഹണകേന്ദ്രമാണ്; കൂടാതെ പ്രധാന കച്ചവട കേന്ദ്രവുമാണ്. മുംബൈയിൽനിന്നും ഡൽഹിയിൽനിന്നും പന്ത്രണ്ടു മണിക്കൂറിൽ താഴെ സമയമേ രത്‌ലാമിലേക്ക് ട്രെയിൻ മാർഗം എത്താൻ വേണ്ടു. ഇൻഡോറാണ് ഏറ്റവും അടുത്ത വിമാനത്താവളം. റോഡുമാർഗം എളുപ്പത്തിൽ മദ്ധ്യപ്രദേശിന്റെ മറ്റു ഭാഗങ്ങളിൽനിന്നും, ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തിപ്പെടാനാവും. ഇൻഡോർ, ഉജ്ജയിനി, ബറോഡ തുടങ്ങിയവയാണ് രത്‌ലാമിനടുത്തുള്ള മിഷന്റെ സെന്ററുകൾ.



ഗ്രാം ബർബാദിൽ സ്റ്റേറ്റ് ഹൈവേ 10 ൽ ആണ് ആശ്രമം നിർമ്മിച്ചിട്ടുള്ളത്. രത്‌ലാം റെയിൽ വേസ്റ്റേഷനിൽനിന്നും 6 കി.മി ദൂരമെ ആശ്രമത്തിലേക്കുള്ളൂ. 1450 ച. അടിയാണ് സ്ഥലത്തിന്റെ വിസ്തീർണ്ണം. 1200 ച. അടി വിസ്തീർണ്ണമുള്ള ധ്യാനഹാളിൽ ഏകദേശം നൂറു പേരെ ഉൾക്കൊള്ളാനാവും. ഒരു അടുക്കളയും നല്ലൊരു പൂന്തോട്ടവും കൂടി ഇവിടെയുണ്ട്.

അഭ്യാസികൾക്ക് താമസിക്കാനുള്ള കോളനിയുടെ ഭാഗമായാണ് ആശ്രമം നിൽക്കുന്നത്. മിഷനുവേണ്ടി ബ്രദർ ബാജ്പേയ് സ്ഥലം വാങ്ങുന്നതിനുള്ള പ്രമാണങ്ങൾ പൂർത്തിയാക്കി. 2010 ജൂൺ 27 മുതൽ പുതിയതായി നിർമ്മിച്ച ആശ്രമത്തിൽ ധ്യാനം തുടങ്ങുവാൻ മാസ്റ്റർ അനുമതി നൽകി. ഇപ്പോൾ ഈ സെന്ററിൽ 65 ഓളം അഭ്യാസികൾ ഉണ്ട്.



1993ൽ, കുറച്ച് അഭ്യാസികളുമായാണ് ഈ സെന്റർ തുടങ്ങിയത്. ഇൻഡോർ, ഉജ്ജയിനി തുടങ്ങിയ സെന്ററിൽനിന്നും പ്രിഫക്റ്റുമാർ വന്ന് ഈ സെന്ററിന്റെ വളർച്ചയിൽ സഹായിച്ചു. 2004 ഏപ്രിലിൽ ഇവിടെ ഒരു പ്രിഫക്റ്റിനെ നിയമിച്ചു. 2010 ൽ ആശ്രമത്തിലേക്ക് ഞായറാഴ്ച സത്സംഗം മാറ്റിയതുവരെ, ഒരു അഭ്യാസിയുടെ വീട്ടിലാണ് സത്സംഗവും, സിറ്റിംഗുകളും മറ്റു ആഘോഷങ്ങളും നടത്തിയിരുന്നത്. ആശ്രമത്തിനായുള്ള സ്ഥലം 2005 ലാണ് അഭ്യാസികൾ വാങ്ങിയത്.



പുതിയ അഭ്യാസികൾക്കായുള്ള പരിശീലനം, തുറന്ന സദസ്സുകൾ, ഉപന്യാസ മത്സരങ്ങൾ നടത്തൽ, ആദ്ധ്യാത്മികത തേടി വരുന്നവരെ സ്വാഗതം ചെയ്യുന്നതിനായുള്ള സജ്ജീകരണങ്ങൾ തുടങ്ങിയവ ആശ്രമത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കച്ച് റോഡ്, ജവോറ, മാൻഡ്സർ, നീമുച്ച്, ഖോർ, ബൻസ്വാര തുടങ്ങിയ ചെറിയ സെന്ററുകളുടെ നടത്തിപ്പിന് ഈ സെന്റർ സഹായിക്കാറുണ്ട്. അവിടങ്ങളിൽ ഞായറാഴ്ച്ച മുഴുദിന പരിപാടികളും മറ്റും നടത്തുവാൻ രത്‌ലാം സെന്റർ സഹകരിക്കാറുണ്ട്.



പൂജ്യ മാസ്റ്ററെ വരവേൽക്കാൻ രത്‌ലാം സെന്ററിലെ അഭ്യാസികൾക്കിതു വരെ അവസരം ലഭിച്ചിട്ടില്ല; ഏവരും അത്തരം ഒരവസരത്തിനായി പ്രാർത്ഥിക്കുകയാണ്. രത്‌ലാമിൽനിന്നും 30 കി. മി. അകലെയുള്ള രവോട്ടിയിലേക്കുള്ള യാത്രക്കിടക്ക് പൂജ്യ ലാലാജി മഹാരാജ് ഇവിടം സന്ദർശിക്കുകയും ഇപ്പോഴത്തെ ആശ്രമത്തിനടുത്തുള്ള ബാബ മുരഖ്ദാസിന്റെ ആശ്രമത്തിൽ താമസിക്കുകയും ചെയ്തത് ഇവിടെയുള്ളവർ സ്നേഹപൂർവം ഓർക്കുന്നുണ്ട്. (രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ വാല്യം-2,പേജ് 12)

To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org
© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.